# THOTTACKAD
# ST. IGNATIUS CHURCH



**75** വർഷങ്ങൾക്കു മുമ്പ് തോട്ടയ്ക്കാട് പുളിമൂട്ടിൽ ശ്രീമാൻ ഔസേപ്പ് ഇട്ടിയവിരയ്ക്കുണ്ടായ ശക്തമായ ഒരു ഉൾവിളിയുടെ ഫലമാണ് ഈ ദേവാലയം. അദ്ദേഹം ഇഷ്ടദാനം നൽകിയ സ്ഥലത്ത് തന്റെ സഹവിശ്വാസികളായ തെങ്ങമറ്റത്തിൽ മത്തായി ഔസേപ്പ്, മണ്ണുപ്പറമ്പിൽ കോശി സ്കറിയ, കൊടുവേലികടുപ്പിൽ ഉതുപ്പ് മാണി എന്നിവരുമൊത്ത് 1108 ധനുമാസം 17ന് അഭിവന്ദ്യ മീഖായേൽ മാർ ദിവന്നാസ്യോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ ദേവാലയത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചു.

താൽക്കാലികമായി ഓലമേഞ്ഞ ഷെഡിൽ മാസത്തിൽ രണ്ടു പ്രാവശ്യം ദിവ്യബലി അർപ്പിച്ചുകൊണ്ട് ശുശ്രൂഷകൾ ആരംഭിച്ചു. മാലിയിൽ കുര്യാക്കോസ് കത്തനാർ, പഴയമഠത്തിൽ മാത്യൂസ് കത്തനാർ എന്നിവർ 1942–വരെ വികാരിമാരായിരുന്നു. ഇതിനിടയിൽ ഔസേപ്പ് ഇട്ടിയവിരയുടെ കൊച്ചുമകൻ പി.വി. ജോസഫ്, മീഖായേൽ മാർ ദീവന്നാസ്യോസ് തിരുമേനിയിൽ നിന്നും 1938–ൽ കോറൂയോ പട്ടവും, 1942 ൽ കശ്ശീശ പട്ടവും സ്വീകരിച്ച് ഇടവകയുടെ ഭരണസാരഥ്യം ഏറ്റെടുത്തു. 1998 ൽ ഈ ലോകത്തുനിന്നും മാറ്റപ്പെടുന്നതുവരെയും തികഞ്ഞ അന്ത്യോഖ്യാ സിംഹാസന ഭക്തനായിരുന്ന ജോസഫ് അച്ചന്റെ സ്തുത്യർഹമായ സേവനങ്ങളെ മാനിച്ച് 1986 –ൽതന്നെ അദ്ദേഹത്തിന് കോറെപ്പിസ്കോപ്പ പദവി നൽകി ആദരിക്കുകയുണ്ടായി.

ആദ്യത്തെ താൽക്കാലിക ദേവാലയത്തിന്റെ മേൽക്കൂര മാറ്റി ഓടുമേയാൻ നീണ്ട എട്ടുവർഷങ്ങൾ കാത്തിരിക്കേണ്ടി വന്നു. വീണ്ടും നാലു പതിറ്റാണ്ടുകൾ കഴിഞ്ഞാണ് ഇന്നു കാണുന്ന ദേവാലയം 31–12–1980 ൽ പുതുക്കി പണിതത്.

1982 ഫെബ്രുവരി 23–ാം തീയതി അന്ത്യോഖ്യാ പാത്രിയർക്കീസ് മോറാൻ മോർ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ ബാവാ തിരുമനസ്സുകൊണ്ട് മധ്യപൂർവ്വ ദേശത്തെ മെത്രാപ്പോലീത്താമാരോടൊപ്പം ഈ ദേവാലയത്തിൽ എഴുന്നള്ളി. ആ ഭാഗ്യനിമിഷങ്ങളുടെ സ്മരണയെ നിലനിർത്തുന്നതിനുവേണ്ടി എല്ലാ സൗകര്യങ്ങളോടും കൂടിയ ഓഫീസും പാഴ്സനേജും 2003 ഡിസംബറിൽ കൂദാശ ചെയ്യപ്പെട്ടു. 2003 ഡിസംബർ 31 ന് ഈ ഇടവകയുടെ ചിരകാല സ്വപ്നമായിരുന്ന പാരീഷ്ഹാളും ഉദ്ഘാടനം ചെയ്യപ്പെട്ടു. ഇത് ഇടവകയുടെയും നാടിന്റെയും, ആത്മീയ സാമൂഹിക ക്ഷേമപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കപ്പെടുന്നു.

ശ്രീമാൻ ഓസേപ്പ് ഇട്ടിയവിരയുടെ സ്മരണ നിലനിർത്തുന്നതിനായി അദ്ദേഹത്തിന്റെ കൊച്ചുമകൻ ശ്രീ  മോനിച്ചൻ പുളിമൂട്ടിൽ പള്ളിയുടെ പ്രവേശന കവാടത്തിൽ ശില്പസുന്ദരമായ ഒരു കമാനവും ഗേറ്റും നിർമ്മിച്ച് 2006 ജൂൺ മാസം 3–ാം തീയതി ദേവാലയത്തിന് സമർപ്പിച്ചു. അതോടൊപ്പം അതിന്റെ പാർശ്വത്തിലായി മണ്ണുപ്പറമ്പിൽ കോശി സ്കറിയായുടെ ഓർമ്മയ്ക്കായി അദ്ദേഹത്തിന്റെ കൊച്ചുമകൻ ശ്രീ. കോശി

ക്കുഞ്ഞ് മനോഹരമായ ഒരു കുരിശടിയും പണികഴിപ്പിച്ച് പള്ളിക്കു സമർപ്പിച്ചു. ആലുവായിലെ പരിശുദ്ധ നായ അത്താനാസ്യോസ് വലിയ തിരുമേനിയുടെ തിരുശേഷിപ്പ് ഈ കുരിശടിയിൽ സ്ഥാപിക്കുന്നതിനുള്ള ഭാഗ്യവും ഇടവകയ്ക്കു ലഭിച്ചു.

അനുഗ്രഹത്തിന്റെ നീർച്ചാലുകൾ വിസ്തൃതമാക്കിക്കൊണ്ട് 2007 ഫെബ്രുവരി 11–ാം തീയതി പ്ലാറ്റിനം ജൂബിലിയോട് അനുബന്ധിച്ച്, ലണ്ടൻ ആർച്ച് ബിഷപ്പ് മാർ അത്താനാസ്യോസ് തോമ, മാത്യൂസ് മാർ ഈവാനിയോസ്, തോമസ് മാർ തീമോത്തിയോസ് എന്നീ തിരുമേനിമാരുടെ സാന്നിധ്യത്തിൽ മഞ്ഞനിക്കര കബറടങ്ങിയിരിക്കുന്ന പരി. ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ തിരുശേഷിപ്പ് ദേവാലയ ത്തിനുള്ളിൽ സ്ഥാപിക്കപ്പെട്ടത് ഈ ഇടവകയുടെ ഒരു മഹാഭാഗ്യമാണ്. 75–ാം വാർഷികം ആഘോഷിക്ക പ്പെടുന്ന വേളയിൽ തന്നെ ദേവാലയസ്ഥാപകരായ 4 പിതാക്കന്മാരുടെയും കബറുകൾ ഭംഗിയായി പുനർനിർമ്മിച്ച് അഭിവന്ദ്യ മെത്രാപ്പോലീത്താമാരാൽ ആശീർവദിക്കപ്പെട്ടതും ഇടവകയ്ക്കുണ്ടായ അനുഗ്രഹ മാണ്. ഇതോടൊപ്പം പള്ളിയിലേക്കുള്ള റോഡ് ടാർ ചെയ്യുകയും മുൻവശത്തായി മനോഹരമായ ഒരു കൽവിളക്ക് സ്ഥാപിക്കുകയും ചെയ്തു.

ഈ ഇടവക ജീവകാരുണ്യപ്രവർത്തനങ്ങളിലും, ആത്മീയസംഘടനകളായ സൺഡേ സ്കൂൾ, വനി താസമാജം, പ്രാർത്ഥനായോഗങ്ങൾ, വെള്ളിയാഴ്ച പ്രാർത്ഥന, യൂത്ത് അസ്സോസിയേഷൻ, ഗായകസംഘം, ലൈബ്രറി എന്നിവയുടെ പ്രവർത്തനങ്ങളിലും അതീവ ശ്രദ്ധചെലുത്തുന്നു.

ദേവാലയത്തിന്റെ പ്രധാന ത്രോണോസ് മാർ ഇഗ്നാത്തിയോസ് സഹദായുടെയും മറ്റ് രണ്ട് ത്രോണോ സുകൾ പരിശുദ്ധ കന്യക മറിയാമിന്റെയും, വിശുദ്ധ തോമ്മാശ്ലീഹായുടെയും നാമത്തിൽ സ്ഥാപിച്ചിരിക്കു ന്നു. എല്ലാ ഡിസംബർ 31–നും മാർ ഇഗ്നാത്തിയോസ് നൂറോനോയുടെ ഓർമ്മ വലിയ പെരുനാളായി ആഘോഷിക്കുന്നതോടൊപ്പം ജൂലൈ 3–ാം തീയതി തോമ്മാശ്ലീഹായുടെ ഓർമ്മപ്പെരുനാളും എട്ടുനോ മ്പിന്റെ ദിനങ്ങളെ തുടർന്ന് ദൈവമാതാവിന്റെ ജനനപ്പെരുനാളും ഭക്ത്യാദരപൂർവ്വം ആചരിച്ചു വരുന്നു.
2007 ജനുവരി മുതൽ ഡിസംബർ വരെയുള്ള ഒരുവർഷക്കാലം ഇടവകയുടെ പ്ലാറ്റിനം ജൂബിലി വിവിധ പരി പാടികളോടെ ആഘോഷിച്ചു. കാലാകാലങ്ങളിൽ ഇടവകയുടെ വികാരിമാരായിരുന്ന വൈദികരുടെ ഊർജ്ജസ്വലമായ പ്രവർത്തനംമൂലം ഈ ഇടവകയ്ക്ക് അത്യധികമായ വളർച്ച നേടുവാൻ സാധിച്ചിട്ടുണ്ട്. ഇപ്പോൾ റവ. ഫാ. മാണി കല്ലാപ്പുറത്ത് വികാരിയായും റവ. ഫാ. ചെറിയാൻ കോട്ടയിൽ സഹവികാരി യായും ഇടവകയെ നയിച്ചുകൊണ്ടിരിക്കുന്നു.

*Source: Kottayam Diocese Souvenir, 2007*

SyrianChurch.org